## സബ്മിഷൻ

### ഓപ്പറേഷൻ കുബേരയിൽ ഉൾപ്പെടുത്തൽ

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, നമ്മുടെ സംസ്ഥാനത്ത് പൊതു സമൂഹത്തിൽ ഇന്ന് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി നടത്തിക്കൊണ്ടിരിക്കുന്ന ഓപ്പറേഷൻ കുബേര. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയെ പ്രത്യേകമായി ഞാൻ അഭിനന്ദിക്കുകയാണ്. കേരള നിയമസഭയും കേരളത്തിലെ മാധ്യമങ്ങളുമൊക്കെ കൊള്ളപ്പലിശക്കാരുടെ, ബ്ലേഡ് പലിശക്കാരുടെ ക്രൂരമായ സാമൂഹ്യതിന്മക്കെതിരായി പ്രതികരിക്കപ്പെട്ടുവെങ്കിലും ഇത്ര കർശനമായി നടപടിയുണ്ടായി, പൊതുസമൂഹത്തിന്റെ വലിയ പിന്തുണ ലഭിക്കപ്പെടുന്ന രീതിയിലേക്കും സമൂഹത്തിന് ആശ്വാസം നൽകുന്ന രീതിയിലേക്കുമുള്ള ഒരു മാതൃകാപരമായ നടപടിയെടുത്ത ആഭ്യന്തരവകുപ്പുമന്ത്രി ഏത് കാലത്തും കേരളത്തിൽ സ്മരിക്കപ്പെടുമെന്നും പറയുകയാണ്. ഇതിന്റെ കൂട്ടത്തിൽ, ഈ ചെറിയ ആളുകളെ പിടിക്കുന്നപോലെതന്നെ, റിസർവ് ബാങ്കിന്റെയും കേരളത്തിൽ നിലവിലുള്ള പണമിടപാട് നിയമങ്ങളെയുമൊക്കെ ലംഘിച്ചുകൊണ്ടും മറികടന്നുകൊണ്ടുമൊക്കെ വലിയ പലിശ വാങ്ങുന്ന വലിയ ആളുകളും വലിയ സ്ഥാപനങ്ങളും ഉണ്ട്. അതിനുകൂടി കർശനമായ ഇടപെടൽ ഉണ്ടാകണം. ആളുകൾ വ്യാപകമായി പരാതിയുമായി പോലീസിൽ ചെല്ലുകയാണ്. പല പോലീസ് സ്റ്റേഷനുകളിലും പോലീസ് ഉദ്യോഗസ്ഥന്മാർ.......... ഇതുമായി പണമിടപാടുകൾ നടത്തുന്ന സ്ഥാപനങ്ങൾ മാത്രമല്ല, പല വ്യക്തികളും പോലീസ് ഉദ്യോഗസ്ഥന്മാർ, ചില സർക്കാർ ഉദ്യോഗസ്ഥന്മാർ.............. സർക്കാർ ഓഫീസുകളിൽപോലും സർക്കാർ ജീവനക്കാർതന്നെ ഓഫീസിനകത്ത് പലിശയ്ക്ക്

കൊടുക്കുന്ന ആളുകളുണ്ട്. ഇവർക്കിടയിലുള്ള ഒരു മദ്ധ്യസ്ഥനായി ഇതു തീർക്കാൻ പരാതിയുമായി പോലീസ് സ്റ്റേഷനിൽ ചെല്ലുന്ന ആളുകളെ അവിടെത്തന്നെ വിളിച്ച് പുറത്തുകൊണ്ടുപോയിരുത്തി സ്റ്റേഷനിൽ കേസെടുക്കാതെ ഒത്തുതീർപ്പുണ്ടാക്കി ബ്ലേഡ് കമ്പനിക്കാരന്റെ കയ്യിൽനിന്നും ആനുകൂല്യം പറ്റുന്ന പോലീസുകാരും വ്യാപകമായി ഉണ്ടെന്ന ആക്ഷേപം സമൂഹത്തിൽ ഉയർന്നുവരുന്നുണ്ട്. അതിൽ കുറച്ച് വാസ്തവവുമുണ്ട്. ബ്ലേഡ് കമ്പനിക്കാരുടെ ഇടനിലക്കാരനായി പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥന്മാരുണ്ട്. പോലീസ് വകുപ്പിലുൾപ്പടെയുള്ള സംസ്ഥാന സർക്കാരിന്റെ വിവിധ ഓഫീസുകളിൽ ജീവനക്കാരായ ആളുകൾ ഇത്തരത്തിൽ രേഖകളില്ലാതെ ബ്ലേഡ് കമ്പനികൾ നടത്തുന്ന ആളുകളുണ്ട്. അത്തരക്കാരെക്കൂടി പിടിക്കാനും പോലീസിൽ ഇതിന് കൂട്ടുനിൽക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനുംകൂടി അങ്ങ് തയ്യാറാകണം. ഒരു കാര്യം കൂടി, ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ തന്നെ ഒരു മൊബൈൽ നമ്പർ ജനങ്ങൾക്കുവേണ്ടി കൊടുത്തു. ഞാൻ മനസ്സിലാക്കുന്നത് 25,000-ഓളം ഫോൺ കോളുകളാണ് ബഹുമാനപ്പെട്ട മന്ത്രി ഇതിനുവേണ്ടി കൊടുത്ത ടെലിഫോൺ നമ്പരിൽ വന്നത്. ഇപ്പോൾ ആളുകൾ വിളിച്ചിട്ട് എൻഗേജ്ഡായിട്ട് കിട്ടുന്നില്ല. ഞാൻ മനസ്സിലാക്കുന്നത്, അദ്ദേഹം ഈ സഭയിലെ മേശപ്പുറത്തുതന്നെ ഇതുമായി ബന്ധപ്പെട്ട പരാതികൾ ഒരു വലിയ ഉയരത്തിലുള്ള കുന്നുപോലെ കാണാൻ ഇടയായി. അതുകൊണ്ട് ആ ഫോൺ നമ്പർ കൂടാതെ ഒരു ടോൾ ഫ്രീ നമ്പരുകൂടി ഏർപ്പെടുത്തുകയും എല്ലാ ജില്ലയിലും ജില്ലാ പോലീസ് സൂപ്രണ്ടിന്റെ കീഴിലുള്ള ഓഫീസുകളിൽ സാധാരണക്കാരായ ആളുകൾക്ക് പരാതി കൊടുക്കാനും അതിനുവേണ്ടിയുള്ള ഹെൽപ്പ്ലൈൻ/ ഹെൽപ്പ്ഡെസ്ക്കും ഏർപ്പെടുത്തിയാൽ ........ ഇത് ചെറിയ പ്രത്യാഘാതമല്ല.

ചെറിയ ഭാഗമല്ല ഉണ്ടാക്കിയത്. കേരളത്തിലെ കുടിൽ മുതൽ കൊട്ടാരം വരെയുള്ള ആളുകൾക്കിടയിൽ, ഒരുപക്ഷെ കേരളത്തിൽ കഴിഞ്ഞ ഒരു 15 വർഷത്തിനുള്ളിൽ ഏറ്റവും വലിയ സാമൂഹ്യ ഇടപെടലായി ഇത് മാറിയിരിക്കുകയാണ്. വലിയൊരു വിപ്ലവകരമായ സമീപനമാണ്. അത് കുറെക്കൂടി, ഇത്രയും സിൻസിയറായി, ആത്മാർത്ഥമായി ബഹുമാനപ്പെട്ട മന്ത്രി ഒരുപക്ഷെ, അദ്ദേഹത്തിന്റെ പൊതു ജീവിതത്തിലെ ഒരു പേഴ്സണൽ റിസ്ക് എന്ന രീതിയിൽ എടുത്തിരിക്കുന്ന ഒന്നാണ്. അതിന്റെ നല്ല റിസൽട്ടും ഉണ്ടായിട്ടുണ്ട്. ആ നല്ല റിസൽട്ട് കുറെക്കൂടി ഫലവത്താക്കി അങ്ങ് ആഭ്യന്തരമന്ത്രിയായിരിക്കുന്ന ഈ കാലയളവിൽ കേരളത്തിൽനിന്നും ഈ കൊള്ളപ്പലിശക്കാരെ പരിപൂർണ്ണമായും ഉന്മൂലനം ചെയ്യാൻ വേണ്ടിയുള്ള ഇത്തരത്തിലുള്ള ക്രിയാത്മകമായിട്ടുള്ള ഇടപെടലും പോലീസുകാരിൽത്തന്നെ ഈ കാര്യത്തിൽ കർശന നിയന്ത്രണം കൊണ്ടുവരാനും തയ്യാറാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്തിക്കോട്ടെ, പ്രൈവറ്റ്/സ്വകാര്യ ബ്ലേഡുകാർ മാത്രമല്ല, നമ്മുടെ സഹകരണ സ്ഥാപനങ്ങൾ, മറ്റ് ചില ഗവൺമെന്റുമായി ബന്ധമുള്ള സ്ഥാപനങ്ങൾ അവിടെ നിന്നെല്ലാം ഒരാൾ 50,000/- രൂപ വായ്പയെടുത്താൽ 75,000/- രൂപ തിരിച്ചടച്ചു കഴിഞ്ഞാൽ വീണ്ടും 1,00,000/- രൂപ അടയ്ക്കണം. അങ്ങനെയുള്ള പല കേസുകളും ഇവിടുത്തെ ജനപ്രതിനിധികളുടെ ഇടയിൽ വരുന്നുണ്ട്. എടുക്കുന്ന മുതലിനേക്കാൾ കൂടുതൽ പലിശ അടയ്ക്കേണ്ടെന്ന് ഇടയ്ക്കൊരു നിർദ്ദേശം ഉണ്ടായി. ആ നിർദ്ദേശം ഇപ്പോൾ നിലവിലുണ്ടോ; എടുക്കുന്ന മുതലിന്റെ രണ്ട് ഇരട്ടിയും മൂന്ന് ഇരട്ടിയും പലിശ അടയ്ക്കേണ്ട

സ്ഥിതി മറ്റ് സ്ഥാപനങ്ങളിലുണ്ട്. അതിനും ഒരു നിയന്ത്രണം കൊണ്ടുവരാൻ ശ്രമിക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മെമ്പർ റ്റി. എൻ. പ്രതാപൻ ഇന്ന് സമകാലീന കേരള ത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളെപ്പറ്റിയാണ് ചൂണ്ടി ക്കാണിച്ചത്. ഈ ഓപ്പറേഷൻ കുബേര തുടങ്ങിയതിന് ശേഷവും ആളുകൾ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് ഏറ്റവും കൂടുതൽ ഞെട്ടിപ്പിക്കുന്ന കാര്യം. ഇന്നലെ പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരത്ത് ഒരാൾ ആത്മഹത്യ ചെയ്തു. മിനിഞ്ഞാന്ന് കാസർഗോഡ് ജില്ലയിൽ ഒരു സ്ത്രീ ആത്മഹത്യ ചെയ്തു. അത് കൊള്ളപ്പലിശ വാങ്ങുന്ന ആളുകളുടെ ഭീഷണിയും സമ്മർദ്ദത്തിന്റെയും ഫലമായിട്ടാണ് ഇത്തരം ആളുകൾ മറ്റ് മാർഗ്ഗങ്ങളില്ലാത്തതുകൊണ്ട് ആത്മഹത്യ ചെയ്യുന്നത്. ഇത് കേരളത്തിന്റെ മന:സാക്ഷിയെ ഞെട്ടിപ്പിക്കുന്ന വസ്തുതകളാണ് ഓരോ ദിവസവും പുറത്ത് വന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഗവൺമെന്റ് ഓപ്പറേഷൻ കുബേരയു മായി മുന്നോട്ടുപോകാൻ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതിതന്നെ രണ്ടുതവണ ഈ ആളുകളെല്ലാവരുംകൂടി 34 പെറ്റീഷൻ ഹൈക്കോടതിയിൽ കൊടുത്തിട്ടും ചീഫ് ജസ്റ്റിസ് അടങ്ങുന്ന ഡിവിഷൻ ബഞ്ച് അതെല്ലാം തള്ളി, അത് എന്റർടെയ്ൻ ചെയ്യാതെ തന്നെ ഗവൺമെന്റി നോട് ഓപ്പറേഷൻ കുബേരയുമായി മുന്നോട്ടുപോകാനാണ് നിർദ്ദേശിച്ചിട്ടുള്ള ത്. അത് വളരെ സ്വാഗതാർഹമായ ഒരു നടപടിയാണ്. കേരള സമൂഹത്തിൽ വളരെ ആഴത്തിൽ വേരോടിയിട്ടുള്ള ഈ ബ്ലേഡ് മാഫിയയുടെ വേരറുക്കുന്ന തുവരെ ഗവൺമെന്റ് ശക്തമായിത്തന്നെ മുന്നോട്ടുപോകുമെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പു നൽകുകയാണ്. ഇതിനകത്ത് രണ്ട്-മൂന്ന് ആസ്പെക്ടുകൾ

ഉണ്ട്. ഒന്ന്, വലിയ ആളുകളെ പിടിക്കുന്നില്ല എന്ന് പറയുന്നത് ശരിയല്ല. ഹോമിന്റെ ഡിമാന്റ് ചർച്ച സമയത്ത് ഞാൻ പറഞ്ഞതാണ്. പരാതി കിട്ടുന്നത് ആരാണെങ്കിലും അത് വലുതോ ചെറുതോ, പരൽ മീനോ സ്രാവോ എന്നൊന്നും നോക്കിയല്ല. പരാതി ലഭിച്ചാൽ പോലീസ് ആ കാര്യത്തിൽ നട പടി എടുത്തിരിക്കും. അത് എത്ര ഉന്നതന്മാർ നടത്തുന്ന സ്ഥാപനങ്ങളാണെ ങ്കിലും Genuine -ആയ പരാതികൾ ലഭിച്ചാൽ നടപടിയെടുക്കാനുള്ള സ്വാതന്ത്ര്യം പോലീസിനുണ്ട്. പോലീസ് അത് നിറവേറ്റും. ഇപ്പോൾതന്നെ അത്തരം നിരവധിയായ സ്ഥാപനങ്ങൾ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസുതന്നെ റെയ്ഡു ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിൽ ശ്രീരാം ഫൈനാൻസ്, എറണാകുളത്ത് മാഗ്മാ ഫൈനാൻസ്, മഹീന്ദ്രാ ഫൈനാൻസ്, ഗോകുലം ഫൈനാൻസ്, ഇൻഡഡ്–ഇൻഡ്യ ഫൈനാൻസ്, സുന്ദരം ഫൈനാൻസ്, ചോളമണ്ഡലം ഫൈനാൻസ്, കൊശമറ്റം ഫൈനാൻസ്, മുത്തൂറ്റ് ഫിൻകോർപ്പ്, ഹിന്ദുജാ ഫൈനാൻസ്, മാഗ്മാ ഫിനാൻസ് കോർപ്പറേ ഷൻ തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങളിൽ റെയ്ഡ് നടത്തുകയുണ്ടായി. കോഴി ക്കോട് റൂറൽ ജില്ലയിൽ ചാക്കോള എന്ന് വിളിക്കുന്ന പാലക്കുളം ചാക്കോയെ ബാംഗ്ലൂരിൽനിന്ന് അറസ്റ്റ് ചെയ്ത് 200 പ്രമാണങ്ങൾ കണ്ടെടുക്കു കയും 22 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുള്ളതുമാണ്. എല്ലാരു ടെയും പേര് ഞാൻ പറയുന്നില്ല. നിരവധിയായ ആളുകൾ, വണ്ടികൾ, ആർ. സി. ബുക്കുകൾ, നൂറുകണക്കിന് പ്രമാണങ്ങൾ, ആയിരക്കണക്കിന് ബ്ലാങ്ക് ചെക്കുകൾ ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് പോലീസിന്റെ റെയ്ഡിൽ നിന്ന് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഇത് വളരെ വലിയൊരു റാക്കറ്റായിത്തന്നെ മാറുന്നു എന്നുള്ളതാണ് ഇപ്പോഴത്തെ അന്വേഷണങ്ങളിൽ നിന്ന് കാണുന്ന

ഒരു കാര്യം. അതുകൊണ്ട് ഇതിനെതിരായി ഗവൺമെന്റ് ശക്തമായി മുന്നോട്ടുപോകും. ഇതിനകത്ത് ഒരു തരത്തിലുമുള്ള രാഷ്ട്രീയ ഇടപെടലുകളും അനുവദിക്കുന്നതല്ല. പോലീസ് സ്റ്റേഷനുകളിൽ പോലീസ് ഉദ്യോഗസ്ഥന്മാർ ഇത്തരം കേസുകളിൽ മദ്ധ്യസ്ഥം വഹിക്കരുതെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥന്മാർ ഈ കാര്യത്തിൽ ഇടപെടുന്നുണ്ടെന്നുള്ള ചില ആരോപണങ്ങൾ വന്നപ്പോൾ ശക്തമായ നടപടികൾ എടുത്തിട്ടുണ്ട്. ചില പോലീസ് ഉദ്യോഗസ്ഥന്മാരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. മാത്രമല്ല Genuine-ആയ പരാതികളെ എന്റർടെയ്ൻ ചെയ്യാവൂ എന്ന് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യക്തി വൈരാഗ്യത്തിന്റേയോ അഭിപ്രായവ്യത്യാസത്തിന്റേയോ പേരിൽ നിരപരാധികളായ ആളുകളെ ഈ ഓപ്പറേഷനിലേയ്ക്ക് കൊണ്ടുവരാനുള്ള ചില കുൽസിതമായ ശ്രമങ്ങൾ നടക്കുമ്പോൾ അത് തടയാനും പരാതി കിട്ടിയാൽ വെരിഫിക്കേഷന് ശേഷം റെയ്ഡും മറ്റ് കാര്യങ്ങളുമായി മുന്നോട്ടുപോകാവൂ എന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. അത് കർശനമായി പാലിക്കുന്നുണ്ട്. പോലീസ് ഉദ്യോഗസ്ഥർമാർ ഇതിനകത്ത് ഏതെങ്കിലും കുഴപ്പം കാണിച്ചാൽ അത്തരക്കാർ ഈ സർവ്വീസിൽ ഉണ്ടാകില്ല എന്ന ഉറപ്പ് ഈ സഭയ്ക്ക് ഞാൻ തരുന്നു. വളരെ കർശനമായ നിലയിലാണ് ഗവൺമെന്റ് ഇക്കാര്യം കൊണ്ട് പോകുന്നത്. പോലീസിലെ ഇന്റലിജൻസ് വിഭാഗം അടക്കമുള്ള വിവിധ വിഭാഗങ്ങളുടെ നിരീക്ഷണത്തിലാണ് ഓപ്പറേഷൻ കുബേര നടത്തുന്ന ഉദ്യോഗസ്ഥന്മാർ. എല്ലാ ജില്ലകളിലും ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി. മാരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ റ്റി. എൻ. പ്രതാപൻ ചൂണ്ടിക്കാണിച്ചതുപോലെ അവരുടെ നമ്പരുകളാണ് ഓരോ ജില്ലയിലും കൊടത്തിട്ടു

ള്ളത്. അതോടൊപ്പം തന്നെ ഞാൻ എന്റെ ഫോൺ നമ്പരും കൊടുത്തിട്ടുണ്ട്. 9447777100 എന്ന എന്റെ നമ്പരിലെ കോളുകൾ ഏതാണ്ട് 25000-ത്തിൽ അധികം കവിഞ്ഞിരിക്കുകയാണ്. എനിക്ക് കിട്ടുന്ന എല്ലാ കോളുകളിലെയും കാര്യങ്ങൾ കുറിച്ചെടുത്ത് അത് ഞങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് കൈമാറുന്നുണ്ട്. അതുപോലെത്തന്നെ എന്റെ ഇമെയിലിലൂടെ വരുന്ന പരാതി കളും കൈമാറുന്നുണ്ട്. രഹസ്യമായി, പേര് വെളിപ്പെടുത്തരുത് എന്നു പറ യുന്ന ആളുകളുടെ പേര് വെളിപ്പെടുത്താതെതന്നെ ഇതിന്റെ കൺസേൺഡ് ആയിട്ടുള്ള ഉദ്യോഗസ്ഥൻമാർക്ക് പരാതികൾ കൈമാറുന്നുണ്ട്. ഈ കിട്ടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഇപ്പോഴുള്ള റെയ്ഡുകളും മറ്റും നടന്നു കൊണ്ടിരിക്കുന്നത്. ഒരു ടോൾ ഫ്രീ നമ്പർ വേണമെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. എനിക്കും അത് തോന്നുന്നുണ്ട്. കാരണം എന്റെ ഫോണിലേക്ക് വിളി വരുന്നതുകൊണ്ട് ഇപ്പോഴെന്നെ ആർക്കും വിളിക്കാൻ പറ്റാത്ത സ്ഥിതി യാണ്. എന്റെ പേഴ്സണൽ ഫോണിന്റെ നമ്പരാണ് കൊടുത്തത്. അപ്പോൾ മറ്റുള്ളവർക്ക് എന്റെ ഫോൺ കിട്ടാത്ത അവസ്ഥയുണ്ട്. അതുകൊണ്ട് പോലീ സിലെ ഒരു ടോൾ ഫ്രീ നമ്പർ ഇക്കാര്യത്തിൽ ഏർപ്പെടുത്തി ഒരു ഹെൽപ്പ് ലൈൻ ഉണ്ടാക്കാൻ ശ്രമിക്കുന്നതാണ് എന്നുകൂടി ഞാൻ അറിയിക്കുന്നു. ഒരുകാര്യം കൂടി പറയാൻ ഞാനാഗ്രഹിക്കുന്നു. ഈ ഓപ്പറേഷൻ കുബേര വന്നതിനുശേഷം നമ്മുടെ നാട്ടിൽ പരക്കെ ഇതിനെതിരായി ഒരു അവബോധം തന്നെ ഉണ്ടായി വരികയാണ്. പണമിടപാട് സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് എതിരല്ല. പക്ഷേ പണമിടപാട് സ്ഥാപനങ്ങൾ നിയമപരമായി പ്രവർത്തിക്ക ണം. ണല ഠമിേ ല്ല്യ്യയീറ്യ ീ രീാല ശിീ വേല ഹലഴമഹ ിലംീ്യെസ. നിയമ പരമായി പ്രവർത്തിക്കണം. ഗല്യമഹമ ങീില്യ ഘലിറല്യ െഅരേ ീള 1958 അനുസരിച്ചും ജ്യീവശയശശേീ ീള ഋഃീൃയശമേി കിലേ്യൈലെ ഞമലേ

എന്നുള്ള 2013-ലെ നിയമമനുസരിച്ചും ആർ. ബി. ഐ.-യുടെ നിയന്ത്രണങ്ങൾ അനുസരിച്ചും പ്രവർത്തിക്കാൻ നമ്മുടെ സംസ്ഥാനത്തെ പണമിടപാടു സ്ഥാനപങ്ങൾക്ക് ബാധ്യതയുണ്ട്. അങ്ങയുടെ നിയോജകമണ്ഡലത്തിൽ പല ചിട്ടി സ്ഥാപനങ്ങളും പൊട്ടി. ചിട്ടി സ്ഥാപനങ്ങളെ നിയന്ത്രിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ചിട്ടി നിയമം അനുസരിച്ചു മാത്രമേ ചിട്ടികൾ രജിസ്റ്റർ ചെയ്യാൻ പാടുള്ളു. അതിന് അവർക്ക് സമയം കൊടുത്തിട്ടുണ്ട്. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റും ആഭ്യന്തര വകുപ്പുംകൂടി ആലോചിച്ച് ചിട്ടിയുടെ പേരിൽ കബളിപ്പിക്കപ്പെടുന്ന ആയിരക്കണക്കിന് ആളുകളെ രക്ഷിക്കാൻവേണ്ടി ചിട്ടി നിയമത്തിന് അനുസരിച്ച് മാത്രമേ ചിട്ടി നടത്താവു എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. അല്ലാത്ത ആളുകളുടെ പേരിൽ നടപടി എടുക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. പണമിടപാടുകൾ ജനങ്ങളെ കൊള്ളയടിക്കുന്നതാകാൻ പാടില്ല എന്നുള്ളതാണ് ഇക്കാര്യം കൊണ്ട് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ജനങ്ങളെ കൊല്ലാക്കൊല ചെയ്യുന്നതാകാൻ പാടില്ല. അത് നിയമപരമായും നിയമവിധേയവുമായി നടക്കണം. സംസ്ഥാന നിയമസഭയും പാർലമെന്റും പാസ്സാക്കിയ നിയമങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം ഈ പണമിടപാടുകൾ നടക്കേണ്ടത്. അല്ലാതെയുള്ള അനധികൃതമായ പണമിടപാടുകൾ ആര് നടത്തിയാലും അതിനെതിരെ ശക്തമായ നടപടി ഗവൺമെന്റ് എടുക്കുമെന്ന് ഞാൻ ഉറപ്പു തരാൻ ആഗ്രഹിക്കുന്നു. അങ്ങിവിടെ പറഞ്ഞ കാര്യങ്ങൾ പരിശോധിക്കാം. എനിക്ക് തോന്നുന്നത് സഹകരണ സ്ഥാപനങ്ങൾക്ക് അങ്ങനെ എടുക്കാൻ കഴിയില്ല. അവർക്ക് നിയമങ്ങളുണ്ട്. ഇപ്പോൾ തന്നെ സഹകരണ വകുപ്പ് 16 ശതമാനത്തിൽ നിന്ന് 15 ശതമാനമായി പലിശനിരക്ക് കുറച്ചു. ഓപ്പറേഷൻ കുബേരയുടെ ഭാഗമായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിൽ എടുത്ത തീരുമാനത്തിന്റെ ഫലമായിട്ടാണിത്. കൂടുതൽ ആളു

കൾക്ക് ലോൺ കൊടുക്കാൻ തീരുമാനിച്ചു. സഹകരണ സ്ഥാപനങ്ങൾ 5,000 രൂപ വരെ ജാമ്യമില്ലാതെയും, 10,000 രൂപ വരെ ആൾ ജാമ്യത്തിലും വായ്പ കൊടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. സൺഡേ ബാങ്കിംഗ് തുടങ്ങാമെന്ന് സമ്മതിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ കൂടുതൽ ഉദാരമായ വായ്പകൾ നടപ്പാക്കാനുള്ള നടപടികൾ അവർ എടുത്തു കൊണ്ടിരിക്കുന്നു. അതോടൊപ്പം തന്നെ എസ്. എൽ. ബി. സി. യോഗംകൂടി ആളുകൾക്ക് കൂടുതൽ ഈസി ലോൺ അവെയ്ലബിളാക്കാനുള്ള നടപടികൾ സ്വീകരിക്കും. 26–ാം തീയതി വീണ്ടും സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കമ്മിറ്റി കൂടുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇപ്പോഴുള്ളൊരു ഗുരുതരമായ കാര്യം, നമ്മുടെ സഹകരണ ബാങ്കുകൾ പ്രാഥമിക സഹകരണ സംഘങ്ങൾക്ക്, സ്വയം സഹായ സംഘങ്ങൾക്ക്, കുടുംബശ്രീക്ക് എല്ലാം വായ്പ നൽകുന്നതിനുള്ള റീ–ഫിനാൻസ് കൊടുക്കുന്നില്ല. കൊടുക്കാത്തതിന് ഷെയർ എടുക്കണമെന്ന ചില ന്യായങ്ങളൊക്കെയുണ്ട്. പക്ഷേ ഇത് ഒരു യാഥാർത്ഥ്യമാണ്. ഇനി പ്രാഥമിക സംഘങ്ങൾ അവരുടെ സ്വന്തം ഫണ്ടിൽനിന്ന് കൊടുക്കുമ്പോൾ ഇപ്പോൾ നേരത്തെ കൊടുത്തതിനേക്കാൾ വളരെ താഴ്ന്ന തുകയേ കൊടുക്കാൻ പറ്റുന്നുള്ളു. സേവിംഗ്സിന്റെ 4 മടങ്ങു വരെ കൊടുത്തുകൊണ്ടിരുന്നത് സേവിംഗ്സിനു തുല്യമായി കൊടുക്കുന്നു. ഇങ്ങനെ വരുന്നതുകൊണ്ടാണ് ഈ സംഘങ്ങളിലൊക്കെ പെട്ടിട്ടുള്ള സ്ത്രീകൾ ഇപ്പോൾ വായ്പയെടുക്കുകയാണ്. ഈ പ്രശ്നമൊന്ന് പരിഹരിക്കാൻ ശ്രമിക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുള്ള കാര്യമാണ്. സഹകരണ

വകുപ്പുമന്ത്രികൂടി വന്നതിനുശേഷം ഞങ്ങളത് ആലോചിക്കാനിരിക്കുന്ന കാര്യമാണ്. മൈക്രോ ഫിനാൻസിംഗ് നടത്തുന്ന ഇത്തരം സ്ഥാപനങ്ങളെ, ചെറുകിട മൈക്രോ ഫിനാൻസിംഗ് നടത്തുന്നവരെ സഹായിക്കാൻ സഹകരണ സംഘത്തെ എങ്ങനെ ലിങ്ക് ചെയ്യാം എന്നുള്ളതിനെ പറ്റി ഞങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുന്ന കാര്യമാണ്. അതിനെ സംബന്ധിച്ച് ഒരു ഡിസ്ക്കഷൻ കഴിഞ്ഞതാണ്. അടുത്തൊരു ഡിസ്ക്കഷനിലൂടെ അതിന് വ്യക്തത വരുത്താൻ കഴിയും എന്നാണ് എന്റെ വിശ്വാസം. 26-ാം തീയതി എസ്. എൽ. ബി. സി. മീറ്റിംഗ് വിളിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ന്യൂ ജനറേഷൻ ബാങ്കുകൾ, മറ്റ് പൊതുമേഖലാ ബാങ്കുകൾ അവരെ ഉദാരമായ നിലയിൽ ജനങ്ങൾക്ക് വായ്പ നൽകിക്കൊണ്ട് ആളുകൾക്ക് വായ്പ കിട്ടാതിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ഗവൺമെന്റ് ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഒരുകാര്യം ഞാൻ വ്യക്തമാക്കുകയാണ്, ഇതിനകത്ത് പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ പരാതിയുള്ള ആളുകൾ പരാതി പറയുക മാത്രമല്ല, അങ്ങനെയുള്ള ആളുകൾ ദയവായി അറിയിക്കുക കൂടിവേണം. അങ്ങനെയുള്ള ബ്ലാക്ക് ഷീപ്പ്സ് ഉണ്ടെങ്കിൽ അവരെയും നിർബന്ധമായും നിയമത്തിന് മുൻപിൽ കൊണ്ടുവരും എന്ന കാര്യത്തിൽ യാതൊരു ഉപേക്ഷയും ഗവൺമെന്റ് വിചാരിക്കില്ല. ഓപ്പറേഷൻ കുബേര ഒരു വലിയ വിജത്തിലേക്ക് പോകുന്നത് ജനങ്ങളുടെ സഹകരണമാണ്. പോലീസിന്റെ ഭാഗത്തുനിന്ന് ഒരു നെക്സസ് ഉണ്ടാകരുതെന്ന് ഞങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ സഹകരണത്തോടെയും. സഹായത്തോടെയും ഈ പദ്ധതി നടപ്പാക്കുമ്പോൾ ഏതെങ്കിലും തരത്തിലുള്ള അപാകതകൾ ഉണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കണം. അതു

കൂടി ഒഴിവാക്കിക്കൊണ്ട് പെർഫെക്ടായി, ട്രാൻസ്പേരന്റായി ഈ പദ്ധതി നടപ്പാക്കിലാക്കാനും കേരളത്തിലെ ജനങ്ങളെ കൊള്ളപ്പലിശക്കാരായ ഷൈലോക്കുകളുടെ കയ്യിൽനിന്ന് രക്ഷിക്കാൻ വേണ്ടിയുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടു പോകും. ശ്രീ. റ്റി. എൻ. പ്രതാപൻ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുമെന്നു കൂടി ഞാൻ ഉറപ്പു നൽകുന്നു.

## പുതിയ പോലീസ് സ്റ്റേഷൻ

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, എന്റെ നിയോജക മണ്ഡലത്തിലെ ഉപ്പളയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ് ഞാനിവിടെ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. സംസ്ഥാന അതിർത്തിപ്രദേശവും വളരെ വിശാലവുമായ മംഗൽപാടി, മീഞ്ച, പൈവളിഗ മഞ്ചേശ്വരം എന്നീ പഞ്ചായത്തുകൾക്ക് ഒരു പോലീസ് സ്റ്റേഷനാണ് ഉള്ളത്. 24 ഓളം വില്ലേജുകൾ ചേർന്നതും വളരെ വിശാലവുമായ ഏരിയകളുമായതിനാൽ പ്രശ്നങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിലേക്ക് പോലീസിന് എത്തിച്ചേരാൻ സാധിക്കുന്നില്ല. ഊടുവഴികൾ നിറഞ്ഞ പ്രദേശമായതിനാൽ വളരെ വൈകിയാണ് പോലീസിന് പ്രശ്ന പ്രദേശങ്ങളിൽ എത്താൻ സാധിക്കുക. ഈ പ്രദേശത്തുള്ള പ്രത്യേകതകളും പ്രശ്നങ്ങളും ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി ശ്രീ. രമേശ് ചെന്നിത്തല നന്നായി മനസ്സിലാക്കിയതാണ് എന്നുള്ള നിലയിൽ ഞാൻ കൂടുതൽ പറയേണ്ട ആവശ്യമില്ലെന്നാണ് തോന്നുന്നത്. അതുകൊണ്ടുതന്നെ ഉപ്പളയിൽ ഉടൻതന്നെ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, നമ്മുടെ സംസ്ഥാനത്ത് നിരവധി സ്ഥലങ്ങളിൽ പുതിയ പോലീസ് സ്റ്റേഷൻ വേണമെന്നുള്ള ആവശ്യം ഉയർന്നു വരുന്നുണ്ട്. ഒരു പോലീസ് സ്റ്റേഷൻ പുതിയതായി ആരംഭിക്കണമെങ്കിൽ 96 പോസ്റ്റ് ഉണ്ടാകേണ്ടതാണ് ഏറ്റവും ആവശ്യം. 96 പോസ്റ്റ് അനുവദിക്കുക എന്നുപറഞ്ഞാൽ ഏകദേശം നമ്മുടെ സംസ്ഥാനത്തിന് ശമ്പളയിനത്തിൽ മാത്രം 2 കോടി രൂപയുടെ ബാധ്യത വരുകയാണ്. സാമ്പത്തികമായ പരിമിതി കാരണം പലപ്പോഴും ഫൈനാൻസ് ഡിപ്പാർട്ടുമെന്റ് ഇതിന് അനുകൂലമല്ലാതെയുള്ള നടപടികളാണ് അവരുടെ ഭാഗത്തുനിന്ന് ഉയർന്നുവരുന്നത്. ഏതായാലും ഉപ്പളയിൽ ഒരു പോലീസ് സ്റ്റേഷൻ വേണമെന്നുള്ള കാര്യത്തിൽ എനിക്ക് രണ്ടുപക്ഷമില്ല. കാരണം നമ്മുടെ സംസ്ഥാനത്തിന്റെ അങ്ങേ അതിർത്തിയായ കാസർഗോഡ്, ഏതാണ്ട് കർണ്ണാടകത്തിന്റെ അതിർത്തിയായ ഉപ്പളയിൽ ഒരു പോലീസ് സ്റ്റേഷൻ വേണമെന്നുള്ള ആവശ്യം വളരെ ദീർഘകാലമായുള്ളതാണ്. അത്തരം ഒരു പ്രൊപ്പോസൽ നിലവിലുണ്ട്. മാത്രവുമല്ല, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പോലീസ് സ്റ്റേഷൻ വേണമെന്നുള്ള ആവശ്യം നിലവിലുള്ള സാഹചര്യത്തിൽ ഇതിന്റെ മുൻഗണനാക്രമം തീരുമാനിക്കാൻ വേണ്ടി സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിനായി പോലീസ് സ്റ്റേഷനുകളിലെ ജോലി ഭാരം സംബന്ധിച്ച് പഠനം നടത്തുവാൻ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവരുടെ ശുപാർശ വരുന്ന മുറയ്ക്ക് ഉപ്പളയിൽ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികളിലേക്ക് പ്രയോറിറ്റി നൽകുമെന്ന് അങ്ങയെ അറിയിക്കാൻ ഞാൻ താൽപര്യപ്പെടുകയാണ്.

## നരിക്കുനി ആസ്ഥാനമായി പോലീസ് സ്റ്റേഷൻ

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, കോഴിക്കോട് ജില്ലയിൽ നരിക്കുനി ആസ്ഥാനമായി ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്നുള്ള താണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കാനാഗ്രഹിക്കുന്നത്. ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട, അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥലമാണ് നരിക്കുനി. നരിക്കുനി, മടവൂർ, കിഴക്കോത്ത്, കുരുവട്ടൂർ തുടങ്ങിയ പഞ്ചായത്തുകളിലെ ജനങ്ങൾ പല കാര്യങ്ങൾക്കുമായി ആശ്രയിക്കുന്നത് ഈ നരിക്കുനി പ്രദേശത്തെയാണ്. കുന്ദമംഗലം, കാക്കൂർ, കൊടുവള്ളി, ചേവായൂർ തുടങ്ങിയ നാല് പോലീസ് സ്റ്റേഷന്റെ പരിധിയിലാണ് ഇപ്പോൾ ഈ പ്രദേശം നിലനിൽക്കുന്നത്. കുറെ ഭാഗം വടകര റൂറൽ എസ്. പി.-യുടെ പരിധിയിലും മറ്റു കുറെ ഭാഗം കോഴിക്കോട് സിറ്റി കമ്മീഷണറുടെ പരിധിയിലുമാണ് സ്ഥിതി ചെയ്യുന്നത്. പലപ്പോഴും സംഘർഷവും, സംഘട്ടനവും ഉണ്ടാകാറുള്ള സ്ഥലമാണ്. കഴിഞ്ഞ ദിവസം നരിക്കുനിയിലെ ഏറ്റവും പ്രസിദ്ധമായിട്ടുള്ള ബൈത്തുല്ലിസാ കോളേജിൽ ഡി. വൈ. എഫ്. ഐ.-ക്കാർ സമരം നടത്തിയതിന്റെ ഫലമായി കോളേജിന്റെ കെട്ടിടങ്ങളൊക്കെ തകർക്കുകയും കുറെ കുട്ടികളും പോലീസുകാരുമൊക്കെ ആശുപത്രിയിലാകുകയും ചെയ്ത സംഭവമുണ്ടായി. ആവശ്യാനുസരണം പോലീസിന് യഥാസമയം എത്താൻ കഴിയാതെ പോയതുകൊണ്ടാണ് ഈ അനിഷ്ടകരമായ സംഭവം അവിടെയുണ്ടായതെന്ന് ഇതിനെ സംബന്ധിച്ച് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. തീരദേശത്തും അത്യാവശ്യ സ്ഥലങ്ങളിലും പുതിയ സ്റ്റേഷൻ ആരംഭിക്കുമെന്ന് അങ്ങ് നിയമസഭയിൽ പറഞ്ഞത് ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുന്നു. ഈ സ്റ്റേഷൻ സംബന്ധമായ ആവശ്യകത പഠിച്ച് തയ്യാറാക്കിയി

ട്ടുള്ള റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ ഈ വർഷം തന്നെ നരിക്കുനി ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ടി അങ്ങ് പ്രത്യേകമായ താൽപര്യമെടുത്തുകൊണ്ടുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മെമ്പർ ഉമ്മർ മാസ്റ്റർ ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ നരിക്കുനി കേന്ദ്രമാക്കി ഒരു പുതിയ പോലീസ് സ്റ്റേഷൻ വേണമെന്ന കാര്യം ന്യായവുമാണ്. ഒരുഭാഗം കോഴിക്കോട് കോർപ്പറേഷൻ അതിർത്തിയിൽ സിറ്റിപോലീസ് കമ്മീണറുടെ കീഴിലും മറുഭാഗത്ത് കുറച്ചുഭാഗം വടകര റൂറൽ എസ്.പി. യുടെ കീഴിലുമാണ് ഈ സ്ഥലങ്ങൾ ഇപ്പോൾ നിലകൊള്ളുന്നത്. ഭരണപരമായ പല പ്രശ്നങ്ങളുമുണ്ടാകുന്നുണ്ട്. ക്രമസമാധാനരംഗത്ത് രണ്ട് അധികാര കേന്ദ്രങ്ങൾ ഒരു സ്ഥലത്ത് നിൽക്കുന്നതുകൊണ്ട് ഉണ്ടാകുന്ന പ്രായോഗികമായ ബുദ്ധിമുട്ട് ഉണ്ട് എന്നത് ശരിയാണ്. ഗവൺമെന്റിന്റെ സാമ്പത്തിക പരാധീനകളാണ് ഇതിന്റെ പ്രശ്നം. നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ ഒരു പോലീസ് സ്റ്റേഷൻ എഫക്ടീവായി പ്രവർത്തിക്കുവാൻ 96 പോസ്റ്റുകൾ വേണം. ഇപ്പോൾ പുതുതായി ഒരു പോലീസ് സ്റ്റേഷൻ അനുവദിച്ചത് ഗുരുവായൂർ പോലീസ് സ്റ്റേഷൻ ആണ്. ഗുരുവായൂരിലെ ഭക്തജനത്തിരക്കും അവിടത്തെ സുരക്ഷാ ക്രമീകരണത്തെക്കുറിച്ചുമുള്ള ആശങ്കകൾ വന്ന സാഹചര്യത്തിലാണ് പുതുതായി കേരളത്തിലാരംഭിച്ച ഏക പോലീസ് സ്റ്റേഷൻ ഗുരുവായൂർ പോലീസ് സ്റ്റേഷൻ. അവിടെയും 90 പോലീസുകാരെ കിട്ടുക എന്നത് ബുദ്ധിമുട്ടായതുകൊണ്ട് 40 പോലീസുകാരുടെ പോസ്റ്റുമാത്രമാണ് അനുവദി

ച്ചത്. അതിന്റടിസ്ഥാനത്തിൽ ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷൻ ആരംഭിക്കാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ ഇവിടെ ചൂണ്ടിക്കാണിച്ച നരിക്കുനിയിലെ പോലീസ് സ്റ്റേഷന്റെ പ്രസക്തിയെയും ആവശ്യകതയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. നമുക്ക് അല്പം കൂടി കാത്തിരിക്കേണ്ടിവരും, ബെറ്റർ ഫൈനാൻഷ്യൽ സിറ്റുവേഷൻ വന്നുകഴിഞ്ഞാൽ ഈ കാര്യത്തിൽ ഒരു നടപടിയെടുക്കാം. ഭരണ പരിഷ്കാര വകുപ്പിനെ ഈ സംസ്ഥാനത്ത് പുതുതായി രൂപീകരിക്കേണ്ട പോലീസ് സ്റ്റേഷനുകളെപറ്റി പഠിച്ച് റിപ്പോർട്ടുനൽകുവാൻ പറഞ്ഞിട്ടുണ്ട്. ആ സാഹചര്യത്തിൽ നരിക്കുനിയുടെ കാര്യം പ്രത്യേകം പരിഗണിക്കും എന്ന് ഞാനിവിടെ ചൂണ്ടിക്കാണിക്കുകയാണ്.

## <u>നിമിതയുടെ തിരോധാനം</u>

<u>ശ്രീ. കെ. ദാസൻ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ നൂടാടി പഞ്ചായത്തിലെ മുജുകുന്ന് പടിഞ്ഞാറെ വട്ടക്കണ്ടി ശങ്കരന്റെ മകൾ നിമിത, ഗുരുവായൂരിൽ ഗുരുബാബ ആശ്രമത്തിൽ പ്രത്യേക പ്രാർത്ഥനയ്ക്കായി പോയിരുന്നു. പിന്നീട് ആ യുവതിയെ കാണാതായ സംഭവമാണ് പത്രങ്ങളിലൂടെയും കുടുംബാഗംങ്ങളിലൂടെയും നമ്മൾ മനസ്സിലാക്കുന്നത്. 25–04–2014–ന് ഗുരുവായൂർ പോലീസ് സ്റ്റേഷനിലും, 08–06–2014–ന് ചോംബ പോലീസ് സ്റ്റേഷനിലും പരാതി ഈ കുട്ടിയുടെ സഹോദരൻ നൽകിയിരുന്നു. കാണാതായ നമിതയുടെ അച്ഛനും അമ്മയും ഗുരുബാബ ഭക്തരാണ്. 24–05–2014–ന് വൈകിട്ട് 5 മണിയോടെയാണ് നിമിതയെ ഗുരു ബാബാ ആശ്രമത്തിൽ കാണാതാകുന്നത്. അപ്പോൾത്തന്നെ അച്ഛനും അമ്മയും കാണാതായ

വിവരം പോലീസിലറിയിക്കണമെന്ന് ആശ്രമത്തിലെ ആളുകളോട് പറഞ്ഞുവെങ്കിലും അവർ അതിന് തയ്യാറാകാതെയിരിക്കുകയും അച്ഛനെ ഇതിൽ നിന്ന് പിൻതിരിപ്പിക്കുകയും ചെയ്തു. മകൾ സുരക്ഷിതയായി തിരിച്ചെത്തുമെന്ന് ബാബ അറിയിച്ചിട്ടുണ്ടെന്നും പോലീസിൽ പരാതിപ്പെട്ടാൽ മാദ്ധ്യമങ്ങളിൽ വരുമെന്നും അത് ബാബയ്ക്കും ആശ്രമത്തിനും മാനഹാനിക്കിടയാക്കുമെന്നും നിമിതയുടെ അച്ഛനോട് ഉപദേശം നൽകുകയാണ് ചെയ്തിട്ടുള്ളത്. കുട്ടിയെ ഞങ്ങൾ അന്വേഷിക്കുന്നുണ്ടെന്നും നിങ്ങൾ തിരികെ നാട്ടിലേക്ക് മടങ്ങിക്കൊള്ളൂ എന്നും ആശ്രമ ഭാരവാഹികൾ പറഞ്ഞു. ഗുരുബാബയുടെ ഭക്തരാണ് അച്ഛനും അമ്മയും. ഗുരുബാബയുടെ വാക്ക് വിശ്വസിച്ചുകൊണ്ട് അവർ വീട്ടിലേക്ക് തിരിച്ചുപോയി. നിമിതയെ കാണാതായപ്പോൾ ആശ്രമത്തിൽ പത്തോ പതിനഞ്ചോ പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. 25-05-2014-ന് ഗുരുവായൂർ ആശ്രമത്തിലെത്തിയ സഹോദരനെയും ബന്ധുക്കളേയും ആശ്രമത്തിൽ നിന്ന് പുറത്താക്കാനാണ് ആശ്രമവാസികൾ ശ്രമിച്ചത്. നിമിത മാനസികരോഗിയാണ് എന്നു വരുത്തിതീർക്കാനുള്ള പ്രചരണവും ഇവർ നടത്തുകയുണ്ടായി. യാതൊരു മാനസിക തകരാറുകളും നിമിതയ്ക്കുണ്ടായിരുന്നില്ല. മൊബൈൽ ഫോൺ അവർ ഉപയോഗിക്കാറില്ല. പുറത്തുള്ള ആരുമായും നിമിതക്ക് അടുപ്പം ഉണ്ടായിരുന്നില്ല. വീട്ടിൽനിന്നും ദൂരസ്ഥലത്തു പോയി പരിചയവും അവർക്കില്ല. കയ്യിൽ പൈസയോ, മാറാൻ വസ്ത്രങ്ങളോ ഒന്നുമുണ്ടായിരുന്നില്ല. വെള്ളമെടുക്കാൻ പുറത്തുപോയപ്പോൾ തിരികെ വന്നില്ല എന്നാണ് മഠാധികൃതർ പറഞ്ഞിരിക്കുന്നത്. മഠത്തിനുള്ളിൽ ധാരാളം വെള്ളത്തിന്റെ ടാപ്പുകളുമുണ്ട്. ഈ സംഭവത്തിൽ നാട്ടുകാർ സർവകക്ഷി ആക്ഷൻ കമ്മറ്റി രൂപീകരിച്ച് സമരം നടത്തുന്നുണ്ട്. ഈ സംഭവത്തെക്കുറിച്ച് സമഗ്രമായ ഒരന്വേഷണം നടത്തി, ഒരു പ്രത്യേക പോലീസ്

സംഘത്തെ രൂപീകരിച്ചുകൊണ്ടോ, ക്രൈംബ്രാഞ്ചിനെക്കൊണ്ടോ അന്വേഷിച്ച് ഇതിന്റെ ചുരുൾ അഴിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മെമ്പർ ദാസൻ സഭയിൽ വച്ചുതന്നെ എന്റെ ശ്രദ്ധയിൽപെടുത്തിയ ഒരു കാര്യമാണ് ഇത്. കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ മുജുകുന്ന് പടിഞ്ഞാറെ വട്ടക്കണ്ടി വീട്ടിൽ ശങ്കരന്റെ മകൾ 32 വയസ്സുള്ള അവിവാഹിതയായ നിമിത അമ്മയ്ക്കും അച്ഛനുമൊപ്പം 24-05-2014-ന് ഗുരുവായൂരിലെ ഗുരുബാബ ആശ്രമത്തിൽ ഭജനയ്ക്കായി എത്തി. നിമിതയെ 24-05-2014 തീയതി വൈകിട്ട് 5 മണി മുതൽ ആശ്രമത്തിൽനിന്ന് കാണാതായി എന്ന ശങ്കരന്റെ പരാതിയുടെ അടിസ്ഥാനത്തിൽ 25-05-2014 വൈകിട്ട് 6.30ന് ഗുരുവായൂർ പോലീസ് സബ്ഇൻസ്പെക്ടർ കേരളാപോലീസ് ആക്ട് സെക്ഷൻ 57 പ്രകാരം ക്രൈം നമ്പർ 801/14 ആയി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോടതിയുടെ അനുമതി വാങ്ങിയശേഷം ആശ്രമത്തിൽ പോലീസ് റെയ്ഡു നടത്തുകയും ആശ്രമത്തിലെ ജീവനക്കാർ, അന്തേവാസികൾ, അയൽവാസികൾ എന്നിവരിൽനിന്നും തെളിവ് ശേഖരിക്കുകയും ക്രൈം കാർഡുകൾ ഇറക്കി സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിലേക്ക് അയച്ചും അന്വേഷണം നടത്തി വരികയാണ്. നിമിത ആശ്രമത്തിൽനിന്നും പുറത്തിറങ്ങി റോഡിലൂടെ നടന്നുപോകുന്ന ചിത്രങ്ങൾ ആശ്രമത്തിനു സമീപം ഗുരുവായൂർ തഹാന ജംഗ്ഷനിലെ സി.സി.ടി.വി ക്യാമറയിൽ പതിഞ്ഞിട്ടുള്ളതിനാൽ ആ ഭാഗം ശേഖരിച്ച് വിശകലനം ചെയ്ത്

അന്വേഷണം നടത്തി. നിമിതയുടെ ഫോട്ടോ ദൂരദർശൻ വഴിയും പത്രമാധ്യ മങ്ങൾ വഴിയും പരസ്യപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കു കയുണ്ടായി. നിമിതയുടെ ഫോട്ടോസഹിതം ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ പ്രധാനകേന്ദ്രങ്ങളിൽ പതിച്ചിട്ടുള്ളതാണ്. പോലീസ് ഊർജ്ജിതമായി അന്വേഷണം നടത്തുകയാണ്. അന്വേഷണം തൃപ്തികരമായ രീതിയിൽ മുന്നോട്ടുപോകുകയാണ്. പക്ഷെ ആളിനെ കണ്ടെത്താൻ കഴിഞ്ഞി ല്ല. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ട സാഹചര്യത്തിൽ ഡിവൈ.എസ്.പി റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു എസ്.ഐ.റ്റി.–യെ ഇത് അന്വേഷിക്കുന്നതിനായി ചുമതലപ്പെടുത്തുമെന്ന് അങ്ങേയ്ക്ക് ഞാൻ ഉറപ്പുനൽകുകയാണ്.

## <u>പിരിച്ചുവിട്ട ജീവനക്കാരെ തിരിച്ചെടുക്കൽ</u>

<u>ശ്രീ. എളമരം കരീം</u>: സർ, തുറമുഖ വകുപ്പിൽനിന്ന് 3 ജീവനക്കാരെ ടെർമിനേറ്റ് ചെയ്യുകയുണ്ടായി. ഹെഡ്ക്ലർക്ക്– ശ്രീ. ബാബു. ടി. കെ., യു. ഡി. ക്ലർക്ക്– ശ്രീമതി എസ്. അനിത, എൽ.ഡി. ക്ലർക്ക്–ശ്രീ. അജിത് കെ. സാമുവൽ എന്നിവരെയാണ് ടെർമിനേറ്റ് ചെയ്തത്. ഇത് വളരെ അസാധാര ണമായ ഒരു നടപടിയാണ്. ഈ നടപടിക്കെതിരായി മൂന്ന് ജീവനക്കാരും ഗവൺമെന്റിന് അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. ജീവനക്കാരുടെ സംഘടനയും ഇതുസംബന്ധിച്ച് ഗവണമെന്റിന് റെപ്രസന്റേഷൻ നൽകിയിട്ടുണ്ട്. ഇക്കാര്യ ത്തിൽ ആ നടപടി പുന:പരിശോധിച്ച് ജീവനക്കാരുടെ തൊഴിൽ സംരക്ഷിക്കാ നുള്ള ഒരു നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കു ന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, തുറമുഖ വകുപ്പിലെ ജീവനക്കാരായിരുന്ന ഹെഡ് ക്ലാർക്ക്, ശ്രീ. ബാബു. ടി. കെ., യു.ഡി. ക്ലർക്ക് ശ്രീമതി എസ്. അനിത, എൽ.ഡി. ക്ലർക്ക് ശ്രീ. അജിത്ത് കെ. സാമുവൽ എന്നിവർക്കെതിരെ തുറമുഖ വകുപ്പ് ഡയറക്ടർ അച്ചടക്ക നടപടി സ്വീകരിക്കുകയും തുടർന്ന് മൂന്നുപേരെയും സർച്ചീസിൽനിന്ന് പിരിച്ചുവിടുകയും ചെയ്തു. ഇതിനെതിരെ ഇവർ മൂന്നു പേരും അപ്പീൽ സമർപ്പിക്കുകയും അത് സർക്കാർ പരിശോധിച്ച് ദയാപരമായ സമീപനം കൈക്കൊണ്ട് ശ്രീ. ടി. കെ. ബാബു, ശ്രീമതി എസ്. അനിത എന്നിവരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുവാൻ താൽക്കാലികമായി തീരുമാനിച്ച് പി. എസ്. സി. യുടെ ഉപദേശം തേടിയിട്ടുണ്ട്. കമ്മീഷന്റെ ഉപദേശം ലഭ്യമായാലുടൻതന്നെ ഈ രണ്ട് ജീവനക്കാരെയും സർവ്വീസിൽ പുന:പ്രവേശിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എൽ.ഡി. ക്ലർക്കായ ശ്രീ. അജിത്ത്. കെ. സാമുവലിനെതിരെ ക്രിമിനൽ കേസ് എന്തെങ്കിലും നിലവിലുണ്ടോ എന്ന കാര്യം റിപ്പോർട്ടുചെയ്യാൻ തുറമുഖ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാൽ ഉടൻതന്നെ ഇക്കാര്യവും സർക്കാർ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട എളമരം കരീം ഒരു നിവേദനം നൽകിയിരുന്നു. എൻ.ജി.ഒ. അസോസിയേഷനും എൻ.ജി.ഒ. യൂണിയനും നിവേദനം നൽകിയിട്ടുണ്ട്. ഒരു കാര്യം വ്യക്തമാക്കുകയാണ് അനാവശ്യമായി ഒരു ജീവനക്കാരനെയും പിരിച്ചുവിടുക എന്നുള്ളത് ഈ ഗവൺമെന്റിന്റെ നയമല്ല. ഈ കാര്യത്തിൽ അനുഭാവപൂർണ്ണമായ നടപടി ഉണ്ടാകും.

## രാത്രിയാത്രകൾക്ക് കെ.എസ്. ആർ.ടി.സി സൗകര്യം

ശ്രീ. കെ. ശിവദാസൻ നായർ: സർ, പത്തനംതിട്ട ജില്ല ഹെഡ്ക്വാർട്ടേഴ്സിലെ പത്തനംതിട്ട ഗാരേജിലെ ശോച്യാവസ്ഥയെക്കുറിച്ച് പറയാനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. അങ്ങേയ്ക്ക് വളരെ നന്നായി അറിയാവുന്ന കാര്യമാണ്. എം.സി. റോഡിലുള്ള അടൂർ, ചെങ്ങന്നൂർ, തിരുവല്ല എന്നീ ബസ് സ്റ്റേഷനുകളിൽ രാത്രികാലങ്ങളിൽ യാത്ര ചെയ്യുന്നതിന് ബുദ്ധിമുട്ടില്ല. എം.സി. റോഡിൽക്കൂടി ഇഷ്ടംപോലെ രാത്രികാലങ്ങളിൽ വണ്ടിയുണ്ട്. ചെങ്ങന്നൂർ, തിരുവല്ല റെയിൽവേസ്റ്റേഷനുകളിൽ വന്നിറങ്ങുന്ന യാത്രക്കാർക്കും എം. സി. റോഡിൽ അടൂർ, ചെങ്ങന്നൂർ, തിരുവല്ലയിൽനിന്ന് വരുന്ന യാത്രക്കാർക്കും പത്തനംതിട്ടയിലേക്ക് വരുവാൻ, കിഴക്കൻ പ്രദേശങ്ങളിലേക്ക് പോകാൻ രാത്രികാലങ്ങളിൽ ബസ്സില്ല. രാത്രികാലങ്ങളിൽ പത്തനംതിട്ടയിൽനിന്ന് പുറത്തേക്ക് പോകാനും ബസ്സില്ല എന്ന ഒരു സ്ഥിതിവിശേഷം കഴിഞ്ഞ കുറേക്കാലമായി ഉണ്ട്. പത്തനംതിട്ട ജില്ലാ ഗാരേജിൽ ഒരു പച്ചവണ്ടി കാണണമെന്നുണ്ടെങ്കിൽ തിരുവല്ലയിലോ, അടൂരോ ചെല്ലണം. ഒരു എക്സ്പ്രസ് ബസ്സോ ഒരു ഡീലക്സ് ബസ്സോ ഇല്ല. അടൂരിലും തിരുവല്ലയിലും ഇഷ്ടംപോലെ ബസ്സുണ്ട്. പത്തനംതിട്ടയിൽ ഒരു ഒറ്റ ബസ്സുപോലുമില്ല, അന്തർ-സംസ്ഥാന ബസ് സർവ്വീസുകൾ ഏറ്റവും കൂടുതൽ ബാംഗ്ളൂരിലേക്കും മംഗലാപുരത്തേക്കും കോയമ്പത്തൂരിലേക്കുമൊക്കെ യാത്രക്കാരും, സ്റ്റുഡന്റ്സ് പോകുന്നതുമായ ഒരു ജില്ലാകേന്ദ്രമാണ്. അവിടെനിന്നും ഈ സ്ഥലങ്ങളിലേക്ക് പോകുവാൻ ബസ്സില്ല. ഈ ജില്ലാ ആസ്ഥാനത്തോട് എന്താണിത്ര അവഗണന? അങ്ങേക്ക് അതില്ല, ഇന്നുവരെയുള്ള ചരിത്രം പരിശോധി

ച്ചാൽ അവഗണനയുടെ അവസാനത്ത് എത്തിനിൽക്കുകയാണ്. പത്തനംതിട്ട ജില്ലാ ഗാരേജിൽ വണ്ടി വന്നുകഴിഞ്ഞാൽ അതിന്റെ പ്രയോജനം തീർച്ചയായും ശ്രീ. അടൂർ പ്രകാശിനും മന്ത്രിക്കും കിട്ടും എന്നുള്ള കാര്യമെങ്കിലും പരിഗണിക്കേണ്ടേ? ആ ഒരു സാഹചര്യത്തിലെങ്കിലും ഞങ്ങൾക്ക് പ്രയോജനം തരേണ്ടേ? രാത്രികാലങ്ങളിൽ പത്തനംതിട്ടയിലേക്ക് വരാനും പത്തനംതിട്ടയിൽനിന്ന് പുറത്തേക്ക് പോകാനും വേണ്ട യാത്രാസൗകര്യമുണ്ടാക്കണം. കൂടുതൽ ദീർഘദൂര സർവ്വീസുകൾ പത്തനംതിട്ടയിൽനിന്ന് ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് ആവശ്യപ്പെടുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)</u>: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ വികാരത്തോട് യോജിക്കുകയാണ്. അദ്ദേഹം വികാരഭരിതനായിട്ടാണ് ഇക്കാര്യം ഇവിടെ പറഞ്ഞത്. അദ്ദേഹം ഉന്നയിച്ച ഒന്നാമത്തെ കാര്യം, രാത്രികാലങ്ങളിൽ സഞ്ചരിക്കുന്നതിനുവേണ്ടിയുള്ള യാത്രാസൗകര്യം ഒരുക്കണം; രണ്ടാമതായി, എക്പ്രസ്സ്-സൂപ്പർ എക്സ്പ്രസ്സ് ഇനത്തിൽപ്പെട്ട പുതിയ സർവ്വീസ് ആരംഭിക്കണം; മൂന്നാമതായി, അവിടെ നിന്നും ബാംഗ്ലൂരിലേയ്ക്ക് പോകുന്നതിനായി ധാരാളം കുട്ടികളുള്ളതുകൊണ്ട് ആ സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി അവർക്കുകൂടിയുള്ള ഇന്റർ-സ്റ്റേറ്റ് ബസ്സ് സർവ്വീസ് വേണം; നാലാമതായി, അദ്ദേഹം സംസാരിച്ചതിന്റെ മൊത്തം ഉള്ളടക്കം എന്താണെന്നുവച്ചാൽ പൊതുവിൽ പത്തനംതിട്ട ഡിപ്പോയുടെ ശോചനീയാവസ്ഥ മാറ്റുന്നതിനുവേണ്ടിയുള്ള ശ്രമം വേണമെന്നാണ്. ആ ശോചനീയാവസ്ഥ മാറ്റുന്നതിനുവേണ്ടി അങ്ങയുടെ സൗകര്യാനുസരണം

ഞാൻ കൂടി വന്ന് പത്തനംതിട്ടയിൽ വച്ച് ഒരു യോഗം നടത്തി ആ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാം. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതു പോലെ രാത്രികാല വാഹന സൗകര്യം ഒരുക്കുന്നതിന് ഒറ്റപ്രശ്നം മാത്രമേയുള്ളൂ. ഇപ്പോൾ കെ.എസ്.ആർ.ടി.സി. അനുഭവിക്കുന്ന വിഷമം ബഹുമാനപ്പെട്ട അംഗത്തിനും അറിയായുന്നതാണ്. അതുകൊണ്ട് കളക്ഷനെ സംബന്ധിച്ചൊരു വിട്ടുവീഴ്ചയും ചെയ്യാൻ സാധിക്കുകയില്ല. കളക്ഷൻ ഉണ്ടാക്കുന്ന രൂപത്തിൽ ഒരു പ്രൊപ്പോസൽ തയ്യാറാക്കാനായി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്. ഇന്റർ–സ്റ്റേറ്റ് ബസ്സാണ് അങ്ങ് ഉന്നയിച്ച മറ്റൊരു വിഷയം. ഇന്റർ–സ്റ്റേറ്റ് ബസ്സ് റൂട്ട് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട്, ബാംഗ്ലൂരുമായി ഇന്റർ–സ്റ്റേറ്റ് എഗ്രിമെന്റ് ഒപ്പിടുന്ന സമയത്തു മാത്രമേ ഇത് ഇൻക്ലൂഡ് ചെയ്യാൻ സാധിക്കുകയുള്ളൂ. അതിന്റെ വയബിലിറ്റി നോക്കിയതിനുശേഷം പത്തനംതിട്ട ജില്ലയെക്കൂടി ഈ സ്പെക്ട്രത്തിനു ള്ളിൽ ഉൾക്കൊള്ളിക്കത്തക്കവിധത്തിൽ നടപടി സ്വീകരിക്കണമെന്ന് ഞാൻ ഇന്റർ–സ്റ്റേറ്റ് എഗ്രിമെന്റിന് പോകുന്ന സന്ദർഭത്തിൽ അവരോട് നിർദ്ദേശിക്കുന്നതാണ്. മൊത്തത്തിൽ പത്തനംതിട്ടയുടെ ശോചനീയാവസ്ഥ മാറ്റുന്നതിനുവേണ്ടിയുള്ള എല്ലാവിധ സഹായ സഹകരണങ്ങളും ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

## കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോചനീയാവസ്ഥ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ബഹുമാനപ്പെട്ട മന്ത്രിക്ക് നന്നായി അറിയാവുന്ന ഒരു വിഷയമാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. ഈ സഭ തുടങ്ങുന്നതിന് ഒരാഴ്ച മുമ്പ് ബഹുമാനപ്പെട്ട മന്ത്രി കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോ സന്ദർശിക്കുകയും

അവിടത്തെ കാര്യങ്ങൾ നന്നായി മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. 98 വെഹിക്കിൾ ഷെഡ്യൂളുള്ള ഡിപ്പോയിൽ ഇപ്പോൾ 89 ബസ്സുകൾ മാത്രമാണുള്ളത്. അവയിൽത്തന്നെ ദൈനംദിന റിപ്പയർ, സി.എഫ്. ജോലികൾ, സ്പെയർ പാർട്ടുകളുടെ കുറവ് എന്നിവമൂലം ശരാശരി പത്ത് ബസ്സുകളെങ്കിലും നിരത്തിലിറക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. 98 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ശരാശരി ലഭിക്കുന്നത് 79-ൽ താഴെ ബസ്സുകൾ മാത്രമാണ്. അവിടെ ജീവനക്കാരുടെ കുറവുമുണ്ട്. നിലവിലുള്ള മാനദണ്ഡമനുസരിച്ച് 94 ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് 258 കണ്ടക്ടർമാരും അത്രതന്നെ ഡ്രൈവർമാരും ആവശ്യമാണെന്നിരിക്കെ ഇപ്പോൾ അവിടെയുള്ളത് 211 കണ്ടക്ടർമാരും 228 ഡ്രൈവർമാരുമാണ്. അതുപോലെ സ്പെയർപാർട്ടുകളുടെ ലഭ്യത ആവശ്യത്തിനില്ലെന്നതും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഡിപ്പോയിൽ ടയറുകൾ ഇല്ലാത്തതിനാൽ നിരവധി ബസ്സുകൾ പലദിവസങ്ങളിലും കട്ടപ്പുറത്താണ്. ടിക്കറ്റിംഗ് മെഷീനുകളുടെ കുറവുമുണ്ട്. 94 ഷെഡ്യൂളുകളുള്ള ഡിപ്പോയിൽ ഇപ്പോൾ ദൈനംദിന സർവ്വീസിന് ഉപയോഗിക്കാൻ കഴിയുന്നത് വെറും 45 മെഷീനുകൾ മാത്രമാണ്. ഈ സാഹചര്യത്തിൽ ഡിപ്പോയുടെ സുഗമമായ പ്രവർത്തനത്തിന് പത്ത് പുതിയ ബസ്സുകളും 25 വീതം കണ്ടക്ടർമാരെയും ഡ്രൈവർമാരെയും അനുവദിക്കുകയും ആവശ്യത്തിനുള്ള ടയറുകൾ, ടിക്കറ്റിംഗ് മെഷീനുകൾ എന്നിവ അടിയന്തരമായി ലഭ്യമാക്കുകയും ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, കാസർഗോഡ് ഡിപ്പോയിൽ ഇപ്പോൾ ലഭിച്ചിരിക്കുന്ന കണക്കനുസരിച്ച് ഒരു സൂപ്പർ ഡീലക്സ് ബസ്സ്, ഒരു സൂപ്പർ എക്സ്പ്രസ് ബസ്സ്, 90 ഓർഡിനറി ബസ്സുകൾ, അങ്ങനെ മൊത്തം 92 ബസ്സുകളാണ് ഓടിക്കൊണ്ടിരിക്കുന്നത്. എന്നാൽ, അവിടെ ചില പ്രശ്നങ്ങളുണ്ട്. അവിടെ മാത്രമല്ല, പല ഡിപ്പോകളിലും ഓടാത്ത കുറേ വണ്ടികളുണ്ട്. ഗവൺമെന്റ് അതിന്റെ കണക്കുകളൊക്കെ പരിശോധിച്ചു. ഒരു റിവൈവൽ പാക്കേജിലൂടെ ഇത് ഉയർത്തെഴുന്നേൽക്കുന്ന തിന്റെ സൂചനയാണ് ലഭിക്കുന്നത്. അതുകൊണ്ട് ഓടിക്കാൻ കഴിയുന്ന വണ്ടികളെല്ലാം ഓടിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമത്തിലാണ്. ഞങ്ങളുടെ കണക്കനുസരിച്ച് ഇപ്പോൾ ചെറിയ ചില തകരാറുകൾ കൊണ്ട് ഓടിക്കാൻ കഴിയാത്ത വണ്ടികൾ ഷെഡ്ഡിൽ കിടക്കുകയാണ്. അതുകൊണ്ടാണ് ഇതിന് കട്ടപ്പുറമെന്നൊക്കെ പേര് വരാൻ കാരണം. ഷെഡ്ഡിൽകിടക്കുന്ന 300 വണ്ടികളെങ്കിലും ഓടിക്കാൻ പറ്റുമെന്നുള്ളതാണ് ഇപ്പോഴത്തെ വിലയിരുത്തൽ. അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കാസർഗോഡ് ഡിപ്പോയിലുള്ള ഈ പ്രശ്നങ്ങൾ കൂടി പരിഹരിക്കുന്നതി നുള്ള നടപടിയെടുക്കുന്നതാണ്. കാസർഗോഡ് ഡിപ്പോയുടെ കാലപ്പഴക്കം വച്ചുനോക്കിയാൽ 10-15 വർഷം വരെ പഴക്കമുള്ള 9 ബസ്സുകളും 5-10 വർഷം വരെ പഴക്കമുള്ള 28 ബസ്സുകളും 5 വർഷത്തിന് താഴെ പഴക്കമുള്ള 52 ബസ്സുകളുമാണുള്ളത്. ബഹുമാനപ്പെട്ട അംഗത്തോടൊപ്പം ഞാനും ആ ഡിപ്പോ സന്ദർശിക്കുകയും അവിടത്തെ സ്ഥിതിഗതികളും പോരായ്മകളു മൊക്കെ നേരിട്ട് മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. അതെല്ലാം പ്രോപ്പറാക്കുന്നതിനുള്ള പരിശ്രമമാണ് നടത്തുന്നത്. പക്ഷേ, ഗവൺമെന്റിനു

പിന്നാലെ സാമ്പത്തിക ക്ലേശം വേട്ടയാടുന്നുണ്ടെന്നുള്ള യാഥാർത്ഥ്യവും നിൽക്കുകയാണ്. ഈ ഡിപ്പോയുടെ സുഗമമായ പ്രവർത്തനത്തിനായി പത്ത് പുതിയ ബസ്സുകൾ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി റിവൈവ് ചെയ്യുന്നതിന് ശ്രമിക്കുകയാണ്. മാത്രമല്ല, അങ്ങ് ഇവിടെ പറയാത്തൊരു കാര്യംകൂടി ഓർമ്മിപ്പിക്കുകയാണ്. ഇന്റർ-സ്റ്റേറ്റ് ബസ്സ് സർവ്വീസിൽ നല്ല കളക്ഷൻ കിട്ടാൻ സാധ്യതയുള്ള ഒരു ഡിപ്പോയാണിത്. അതുകൊണ്ട് ആ ഡിപ്പോ കുറച്ചുകൂടി മെച്ചപ്പെടുത്തി ആവശ്യമായ വണ്ടികൾ ഓടിച്ച് ഇപ്പോഴത്തെ ശോചനീയാവസ്ഥ മാറ്റുകയും കൂടുതൽ ആളുകളെ ബസിൽ കയറ്റുന്നതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് സ്വന്തം കാലിൽ നിൽക്കാൻ കഴിയുന്ന സാഹചര്യവുമുണ്ടാകും. അതിനുവേണ്ടിയുള്ള പരിശ്രമത്തിലാണ്.

## ഇരുചക്ര വാഹന യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. വി. വിജയദാസ്: സർ, ഹെൽമറ്റ് പരിശോധനയുടെ മറവിൽ ഇരുചക്രവാഹന യാത്രക്കാരെ ഉപദ്രവിക്കുന്നതും യതൊരു മാനദണ്ഡവുമില്ലാതെ പിഴ ഈടാക്കുന്നതും ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഹെൽമറ്റ് നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവ് 2013 ആഗസ്റ്റിലാണ് ഇറങ്ങിയത്. കൃത്യമായ രീതിയിൽ മാനദണ്ഡങ്ങളുള്ള ഹെൽമറ്റ് കേരളത്തിലില്ലെന്നുള്ളതാണ് സത്യം. എന്താണ് ഹെൽമറ്റിന്റെ മാനദണ്ഡം? യഥാർത്ഥത്തിൽ ഭാരക്കുറവ്, വായു സഞ്ചാരം, ഉറപ്പ് എന്നീ ഗുണങ്ങളുള്ളതായിരിക്കണം ഹെൽമറ്റ് എന്നാണ് വിവക്ഷ. പക്ഷേ, കേരളത്തിൽ എവിടെയും അത് ലഭിക്കുന്നില്ല. കിലോക്കണക്കിന് ഭാരമുള്ളതും വായുസഞ്ചാരമില്ലാത്തതും ഉറപ്പില്ലാത്തതുമാണ് ഇവിടത്തെ ഹെൽമറ്റുകൾ. ഇത് ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ

വളരെ ഗുരുതരമാണ്. സ്പോൺഡലൈറ്റീസ് ഉള്ളവർക്ക് ഇത് ഉപയോഗിക്കാൻ കഴിയുകയില്ല. ചെവിവേദന, മൈഗ്രേൻ എന്നീ അസുഖങ്ങൾ ഉള്ളവർക്ക് ധാരാളം വിഷമതകളാണ് ഇതുകൊണ്ട് ഉണ്ടാകുന്നത്. മാത്രമല്ല, മുടികൊഴിച്ചിൽ വലിയ തോതിലുണ്ടാവുകയാണ്. ക്രിമിനലുകളെ നേരിടുന്നതുപോലെയാണ് ഉദ്യോഗസ്ഥന്മാർ ഇവരെ നേരിടുന്നത് – ഒളിഞ്ഞുനിൽക്കുക, ചാടി വീഴുക, രാത്രികാലങ്ങളിൽ കണ്ണിൽ ടോർച്ചടിക്കുക, മോട്ടോർ ബൈക്കിന്റെ ചാവി എടുക്കുക. മാത്രമല്ല, ഇപ്പോൾ ധാരാളം വനിതകളും ഇരുചക്രവാഹനങ്ങൾ ഓടിക്കുന്നവരായുണ്ട്. ഒളിക്യാമറ വച്ച് ഭീകരന്മാരെപ്പോലെയാണ് ഇവരെ പിടിക്കുന്നത്. ഇതിന് അഞ്ഞൂറ് മുതൽ ആയിരം രൂപ വരെ പിഴ ഈടാക്കുന്നുണ്ട്. ജില്ല തിരിച്ച് ക്വാട്ട കൊടുത്തിട്ടുണ്ടെന്നാണ് ഉദ്യോഗസ്ഥന്മാർ പറയുന്നത്. യഥാർത്ഥത്തിൽ തൊഴിലാളികളാണ് ടൂ വീലറിൽ സഞ്ചരിക്കുന്നത്. നിത്യവൃത്തിക്ക് കൂലിപ്പണി ചെയ്യുന്നവർ, തേങ്ങ വെട്ടുന്നവർ, കെട്ടിടപ്പണിക്കാർ, മത്സ്യവിൽപ്പനക്കാർ, മരിച്ചീനി വിൽപ്പനക്കാർ, പാൽ–പത്ര വിതരണക്കാർ, വിദ്യാർത്ഥികൾ എന്നിവരാണ് ധാരാളമായി ഇരുചക്രവാഹനങ്ങൾ ഉപയോഗിക്കുന്നത്. ഹെൽമറ്റ് നിർബന്ധമാണെന്ന നിലയിലുള്ള ഇത്തരം പെരുമാറ്റവും പ്രവൃത്തിയും ജനങ്ങൾക്ക് വൻതോതിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. അതുകൊണ്ട് ഹെൽമറ്റ് വേട്ട ഒഴിവാക്കുകയും ഹെൽമറ്റിന്റെ പേരിൽ പോലീസ് – ട്രാൻസ്പോർട്ട് അധികൃതരുടെ പീഡനവും പിഴയും ഒഴിവാക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഈ നയത്തെ

ക്കുറിച്ച് ശക്തമായ രണ്ട് അഭിപ്രായങ്ങളാണ് സംസ്ഥാനത്തുള്ളത്. 1958-ലെ മോട്ടോർ വെഹിക്കിൾസ് ആക്റ്റിലെ 129-ാം വ്യവസ്ഥയനുസരിച്ച് ഈ നിയമമൊക്കെ പാലിക്കണമെന്നുണ്ട്. ഒരു ഗവൺമെന്റിന് 'ഹെൽമറ്റ് വേണ്ട' എന്ന് പരസ്യമായി പറയാൻ സാധിക്കുമോ; അത് നിയമലംഘനത്തിന് തുല്യമാകുകയില്ലേ? അതുകൊണ്ട് 'ഹെൽമറ്റ് വേണ്ട' എന്നല്ല ഞാൻ പറയുന്നത്. അങ്ങ് പറഞ്ഞ ഒരുകാര്യം വളരെ കൃത്യമായി പാലിക്കേണ്ടതാണ്, ഹെൽമറ്റ് വേട്ടയുടെ പേരിൽ പീഡനങ്ങളുണ്ടായിട്ടുണ്ട്. ആ പീഡനങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടിയെടുക്കണം. അതല്ലാതെ നിയമത്തിന് വിരുദ്ധമായ ഒരു നിലപാടും സ്വീകരിക്കാൻ ഗവൺമെന്റിന് കഴിയുകയില്ല. ജനസൗഹൃദപരമായ നടപടിയിലൂടെ മാത്രമേ അത് നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ ഹെൽമറ്റ് ധരിക്കാത്തതിന്റെ പേരിൽ കൂടുതൽ തുകയൊന്നും പിരിക്കുന്നില്ല. 1988-ലെ നിയമത്തിന്റെ 177-ാം വകുപ്പിൽ അനുശാസിക്കുന്ന പിഴയുടെ ഒരു ഷെഡ്യൂളുണ്ട്. അതിൽ ആദ്യത്തെ അവസരത്തിൽ 100 രൂപയും തുടർന്നുള്ള അവസരത്തിൽ 300 രൂപയും വീണ്ടും ആവർത്തിക്കുകയാണെങ്കിൽ കൂടുതൽ തുകയും ഈടാക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. ആയിരം രൂപപോലുള്ള കൂടുതൽ തുകയൊന്നും പിഴയായി ഈടാക്കുന്നില്ല. വാഹനങ്ങൾ പരിശോധിക്കുന്നതിന് ചില ക്രമങ്ങൾ പറഞ്ഞിട്ടുണ്ട്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്കറിയാം. ആഭ്യന്തര വകുപ്പിൽ നിന്നും മോട്ടോർ വാഹന വകുപ്പിൽനിന്നും അതുസംബന്ധിച്ച ഗൈഡ്ലൈൻസ് കൊടുത്തിട്ടുണ്ട്. ആളുകളെ വേട്ടയാടി പിടിക്കുന്നത്

പ്രാകൃതമായ രീതിയാണ്. ഓടിച്ച് പിടിക്കുന്ന ഒരു നടപടിയല്ല ഇവിടെ വേണ്ടത്. പണ്ടുകാലത്ത് അതൊക്കെയുണ്ടായിരുന്നു, ഇല്ലെന്നൊന്നും ഞാൻ പറയുന്നില്ല. കഴിയുന്നത്ര സൗഹൃദപരമായി ഇതിനൊരു പരിഹാരമുണ്ടാക്കണം. ഇന്നലെ ഞാനിവിടെ സൂചിപ്പിച്ചതുപോലെ, ആളുകളെ ഏറ്റവും കൂടുതൽ അപമാനിക്കുകയും ശല്യം ചെയ്യുകയും ചെയ്യുന്നത് ആളുകളെ പിടിച്ചുനിർത്തി ഊതിക്കുന്നതാണ്. ഇന്ന് അതിന്റെ ആവശ്യമില്ല. അതിനായി ഇന്റർസെപ്റ്ററുകളും എക്വുപ്മെന്റ്കളുമുണ്ട്. സാങ്കേതികമായി നമ്മൾ അത്രയ്ക്ക് വളർന്നിരിക്കുന്നു. ശാസ്ത്രീയമായി നമ്മൾ ഇതൊക്കെ നോക്കുക, അതേസമയം നൂറ് ശതമാനം നിയമം പാലിച്ചു പോകുന്നതിനുവേണ്ടി അങ്ങയുടെകൂടി സഹായം ഞാൻ തേടുകയാണ്.

## സാക്ഷരതാ പ്രവർത്തകരുടെ പ്രശ്നങ്ങൾ

ശ്രീമതി പി. അയിഷാ പോറ്റി: സർ, കേരളത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സാക്ഷരതാ പ്രവർത്തകരുടെ അങ്ങേയറ്റം പ്രയാസകരമായ പ്രശ്നങ്ങളാണ് ഞാൻ ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. കേരളത്തിൽ 2700 പേരാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നത്. നിരക്ഷരതാ നിർമ്മാർജ്ജനം, IV, VII, X തുല്യതാ പരിപാടി, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതിനിർവ്വഹണം, തൊഴിൽ പരിശീലനങ്ങൾ, സർക്കാരിന്റെ വിവിധ ക്ഷേമ പദ്ധതികൾ ഇതെല്ലാം മനസ്സിലാക്കിക്കൊണ്ട് അവ താഴെത്തട്ടിലെത്തിക്കുന്ന കേന്ദ്രങ്ങളായാണ് ഇവർ പ്രവർത്തിക്കുന്നത്. ദീർഘ വർഷങ്ങളായി ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്നവർക്ക് 100 രൂപ ടി.എ. ഉൾപ്പെടെയുള്ള 2340 രൂപയാണ് ആകെയുള്ള മാസ അലവൻസ്.

ഇവർ പ്രവർത്തിക്കേണ്ടത് ഈ തുക ഉപയോഗിച്ചുകൊണ്ടാണ്. ഇവരിൽ 87 ശതമാനംപേരും സ്ത്രീകളാണ്. വിദ്യാഭ്യാസ മേഖലയിൽ നിരവധി പ്രവർത്തനങ്ങൾ നടത്തി പൊതുവിദ്യാഭ്യാസത്തെ മെച്ചപ്പെടുത്തുന്നതിൽ നല്ലൊരു പങ്ക് വഹിക്കാൻ ഇവർക്ക് സാധിച്ചിട്ടുണ്ട്. ഇവരുടെ പ്രവർത്തന ഫലമായി 2 ലക്ഷത്തിലധികംപേർ 4-ാം ക്ലാസ്സ് തുല്യതാ പരീക്ഷ പാസ്സാകുകയും 1 ലക്ഷത്തോളംപേർ 7-ാം ക്ലാസ്സ് തുല്യതാ പരീക്ഷ പാസ്സാകുകയും 1,65,566 പേർ പത്താം ക്ലാസ്സ് തുല്യതാ പരീക്ഷ പാസ്സാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ നിരവധിപേർക്ക് ജോലികിട്ടാനുള്ള സാദ്ധ്യതയുണ്ടാക്കിക്കൊടുക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ സർക്കാർ പ്ലസ് 2 കൂടി ഇതിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള നിരവധി നല്ല കാര്യങ്ങൾ ചെയ്തിട്ടും ഈ പ്രേരക്മാരെ അവഗണിക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. അവരുടെ സെന്റർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഫണ്ട് പോലും അവർക്ക് ലഭിക്കുന്നില്ല. ഇന്ന് ഒരു വീട്ടുജോലിക്ക് നിൽക്കുന്ന ആളിനുപോലും മുഴുവൻ ചെലവും കഴിഞ്ഞ് 8,000-10,000 രൂപ കൊടുക്കണം. ദീർഘ വർഷങ്ങളായി എല്ലാ മേഖലകളിലും പ്രവർത്തിച്ചുവരുന്ന ഇവർക്കൊരു തൊഴിൽസ്ഥിരതയുണ്ടായിട്ടില്ല. ഈ പ്രശ്നങ്ങളെല്ലാം പറഞ്ഞ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായും മുഖ്യമന്ത്രിയുമായും നിരവധി ചർച്ചകൾ നടത്തിയിട്ടും ഒരു പരിഹാരവുമുണ്ടാകാത്തതുകൊണ്ട് ഗതികെട്ട് 5 ദിവസമായി അവർ അനിശ്ചിതകാല സമരം തുടങ്ങിയിരിക്കുകയാണ്. സമരം 5 ദിവസം പിന്നി ട്ടിട്ടും ഒരു നടപടിയുമുണ്ടായിട്ടില്ല. ഈ കാര്യങ്ങൾ ഗൗരവമായി

കണക്കിലെടുത്ത് ഇവരുടെ തൊഴിൽ സ്ഥിരത ഉറപ്പുവരുത്തുകയും ഇവർക്ക് ജീവിക്കാനാവശ്യമായ വരുമാനവും അവരുടെ സെന്റർ പ്രവർത്തിപ്പിക്കാനാവശ്യമായ പണവും കൊടുത്ത് അവരുടെ പ്രശ്നങ്ങൾ പരിഹരിച്ച് സമരം ഒത്തുതീർപ്പാക്കുന്നതിനുള്ള നടപടിയുണ്ടാക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, 1998-ൽ കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കിയ തുടർവിദ്യാഭ്യാസ പദ്ധതിയുടെ നടത്തിപ്പിനായാണ് ദേശീയ സാക്ഷരതാ മിഷൻ നിബന്ധനകൾ അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ തുടർവിദ്യാകേന്ദ്രങ്ങൾ അനുവദിക്കുകയും അവയുടെ പ്രേരക്മാരെ നിയമിക്കുകയും ചെയ്തിട്ടുള്ളത്. സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രേരക്മാർക്കുള്ള വേതനം ഓണറേറിയമായിട്ടാണ് നൽകി വരുന്നത്. കേരളത്തിൽ തുടർ വിദ്യാഭ്യാസ രംഗത്ത് 2019 തുടർവിദ്യാകേന്ദ്രങ്ങളിലായി ഇപ്പോൾ 2316 പ്രേരക്മാർ പ്രവർത്തിച്ചുവരുന്നു. വേതന വർദ്ധനവിനും ജോലിസ്ഥിരതയ്ക്കുംവേണ്ടി പ്രേരക്മാരുടെ വിവിധ സംഘടനകൾ നിരന്തരം ആവശ്യം ഉന്നയിച്ചുവരുന്നുണ്ട്. മുൻ സർക്കാർ, നിലവിലുണ്ടായിരുന്ന ഓണറേറിയം തുകയിൽ 500 രൂപ വീതം 2010 നവംബർ മുതൽ വർദ്ധിപ്പിച്ചിരുന്നു. എന്നാൽ ലഭിച്ചുവന്ന തുക തീരെ പരിമിതമാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് സാക്ഷരതാ മിഷൻ ഭരണസമിതിയുടെ ശുപാർശയനുസരിച്ച് 22-10-2012-ന് (ഈ ഗവൺമെന്റ്

വന്നതിനുശേഷം) നിലവിലെ ഓണറേറിയം തുകയുടെ 60 ശതമാനം വർദ്ധനവ് സർക്കാർ വരുത്തുകയുണ്ടായി. ഇതനുസരിച്ച് ഒരു നോഡൽ പ്രേരകിന് നിലവിലെ ഓണറേറിയം 1900 രൂപയിൽ നിന്ന് 3040 രൂപയായും തുടർവിദ്യാ കേന്ദ്രം പ്രേരകിന് 1400 രൂപയിൽനിന്ന് 2340 രൂപയായും അസിസ്റ്റന്റ് പ്രേരകിന് 1200 രൂപയിൽ നിന്ന് 2010 രൂപയായും വർദ്ധിപ്പിച്ചു കൊടുത്തു. പ്രേരക്മാരെ സ്ഥിരപ്പെടുത്തണമെന്നും അവരുടെ ഓണറേറിയം വീണ്ടും വർദ്ധിപ്പിക്കണമെന്നുമുള്ള ആവശ്യങ്ങളുമുന്നയിച്ച് മുൻകൂർ നോട്ടീസ് നൽകിയശേഷമാണ് 16-06-2014 മുതൽ ഒരുവിഭാഗം പ്രേരക്മാർ സാക്ഷരതാ മിഷൻ ഓഫീസിനുമുന്നിൽ പണിമുടക്ക് സമരം ആരംഭിച്ചത്. എങ്കിലും രണ്ട് ദിവസംകഴിഞ്ഞ് അവർ സമരം അവസാനിപ്പിച്ചു. ഇതുമൂലം സാക്ഷരതാ മിഷന്റെ ഒരു പ്രവർത്തനത്തിനും തടസ്സമുണ്ടായിട്ടില്ല. പ്രേരക്മാരുടെ ഓണറേറിയം 40 ശതമാനംകൂടി വർദ്ധിപ്പിക്കണമെന്ന് സാക്ഷരതാ മിഷൻ ഭരണസമിതി വീണ്ടും പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് ധനവകുപ്പിന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ധനവകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഓണറേറിയം വീണ്ടും വർദ്ധിപ്പിക്കണമോ എന്ന കാര്യം പരിശോധിക്കുന്നതാണ്. ഇപ്പോൾ പ്രേരക്മാരുടെ ഓണറേറിയം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തനത് ഫണ്ടിൽ നിന്ന് നൽകുകയും സാക്ഷരതാ മിഷന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഈ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുകയുമാണ് ചെയ്യുന്നത്. ഇതിനായി ഇപ്പോൾ കേന്ദ്ര സഹായമൊന്നും ലഭിക്കുന്നില്ല.

## റിസോഴ്സ് അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സർവ്വശിക്ഷ അഭിയാന്റെ കീഴിൽ പ്രൈമറി സ്കൂളുകളിൽ പഠിക്കുന്ന വിഭിന്നശേഷിയുള്ള, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള സ്കീമാണ് 'Inclusive Education for Disabled Children'. ഈ രംഗത്ത് ജോലിചെയ്യുന്ന അദ്ധ്യാപകരിൽ ഭൂരിഭാഗവും ഉന്നതയോഗ്യതകൾ നേടിയിട്ടുള്ളവരാണ്. സംസ്ഥാനത്ത് DPEP ആരംഭിച്ച കാലംമുതൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നവരെ ഇന്നും ഇതേ തസ്തികയിൽ ഓരോ വർഷവും കരാർ അടിസ്ഥാനത്തിലാണ് നിയമിച്ചുവരുന്നത്. ഇതിനൊരു മാറ്റമുണ്ടാകണം. ജോലിയിൽ അവരെ സ്ഥിരമായി നിയമിക്കുന്നതിനുള്ള ഒരു സംവിധാനമുണ്ടാകണം. വളരെ പ്രാന്തവൽക്കരിക്കപ്പെട്ടതും പ്രയാസപ്പെടുന്നതുമായ കുട്ടികളെയാണ് ഇവർ പരിപാലിക്കുന്നത്. അതോടൊപ്പംതന്നെ ഈ രംഗത്തുള്ള ഒരു പ്രശ്നം, ഒരു പഞ്ചായത്തിൽ (പഞ്ചാത്തിനെ ഒരു ക്ലസ്റ്റർ എന്നാണ് പറയുന്നത്) ഒരു റിസോഴ്സ് ടീച്ചർ എന്ന രീതിയിലാണ് നിയമിക്കുന്നത്. അങ്ങനെ വരുമ്പോൾ ഒരു ടീച്ചർക്ക് 8 മുതൽ 15 വരെയുള്ള വിദ്യാലയങ്ങളിലെ വികലാംഗരായ കുട്ടികളെ സഹായിക്കേണ്ടി വരുന്നു. അത് ഒരു ടീച്ചർക്ക് കൈകാര്യം ചെയ്യാവുന്നതിനുമപ്പുറമാണ്. അതുകൊണ്ട് ഇവിടെ കൂടുതൽ ടീച്ചർമാരെ നിയമിച്ച് ഇവരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനുള്ള നടപടികളുണ്ടാകണം. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ മുഖ്യധാരയിലെത്തിക്കാൻ പ്രമുഖമായ

പങ്ക് വഹിക്കുന്ന സംസ്ഥാനത്തെ ആയിരത്തി അറുന്നൂറോളം റിസോഴ്സ് അദ്ധ്യാപകർക്ക് മെച്ചപ്പെട്ട സേവന–വേതന വ്യവസ്ഥകളും സ്ഥിരനിയമനവും ആവശ്യമാണ്. ഇക്കാര്യത്തിൽ അടിയന്തരമായ നടപടി സ്വീകരിക്കാനായി കേന്ദ്ര ഫണ്ട് ഉൾപ്പെടെ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഒരു സ്കീമുണ്ടാക്കണമെന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, സർവ്വ ശിക്ഷാ അഭിയാന്റെ ഭാഗമായുള്ള സംയോജിത വിദ്യാഭ്യാസ പദ്ധതിയിൻ കീഴിൽ 2013-2014 വർഷത്തിൽ, 2014 മാർച്ച് 31 വരെ, 14 ജില്ലകളിലായി 1618 അദ്ധ്യാപകർ കരാറടിസ്ഥാനത്തിൽ ജോലിചെയ്തുവന്നിരുന്നു. 2014-2015 വർഷത്തെ വാർഷിക പദ്ധതിയിൽ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന് 2013-2014 വർഷത്തിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്ന 1618 റിസോഴ്സ് അദ്ധ്യാപകരെ തുടർന്നും കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അനുമതിക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. കേരളത്തിലെ റിസോഴ്സ് അദ്ധ്യാപകരുടെ എണ്ണം കൂടുതലാണെന്നും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി ജനറൽ സ്കൂൾ അദ്ധ്യാപകരെയും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പഠിപ്പിക്കുന്നതിനായി പരിശീലിപ്പിക്കണമെന്ന് അഭിപ്രായപ്പെടുകയും നിലവിലുള്ള റിസോഴ്സ് അദ്ധ്യാപകരുടെ എണ്ണം 1335 ആയി കുറവ് വരുത്തുകയുമുണ്ടായി.

അതിൻപ്രകാരം പ്രസ്തുത അദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർവ്വശിക്ഷാ അഭിയാൻ ഒരു കേന്ദ്ര–സംസ്ഥാന സംയോജിത സമയബന്ധിത പദ്ധതിയായ തിനാൽ നിയമനങ്ങൾ കരാർ മുഖേനയും ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലു മായാണ് നടത്തിവരുന്നത്. കരാർ അടിസ്ഥാനത്തിൽ നിയമിതരാകുന്ന റിസോഴ്സ് അദ്ധ്യാപകർക്ക് 01-01-2014-നുമുമ്പ് 10,000 രൂപ ഓണറേറിയവും 500 രൂപ പ്രതിമാസ യാത്രാബത്തയും നൽകിവന്നിരുന്നു. 01-01-2014 മുതൽ ഓണറേറിയം 11,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ മുൻവർഷങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നിയമിതരായ റിസോഴ്സ് അദ്ധ്യാപകർക്ക് ലീവ് സറണ്ടർ ആനുകൂല്യവും ഇ.പി.എഫ്. ആനുകൂല്യവും നൽകിവന്നിരുന്നു. ഈ വർഷവും കരാർ അടിസ്ഥാനത്തിൽ നിയമിതരാകുന്ന മുറയ്ക്ക് ഇവർക്ക് ലീവ് സറണ്ടറും ഇ.പി.എഫ്. ആനുകൂല്യവും നൽകുന്നതാണ്.